## Week-3

# Weekly Devotion - July 2017

# Three Doctrines(മൂന്ന് നിലപാടുകൾ)




പർവ്വതാരോഹണത്തിന് പോകുന്നവർഅറിഞ്ഞിരിക്കേണ്ട ഒരുകാര്യമാണ് ഈ മൂന്ന് നിലപാടുകൾ. രണ്ട് കയ്യുംഒരുകാലുംസുരക്ഷിതസ്ഥാനത്ത് ഉറപ്പിച്ച ശേഷംമറ്റേകാൽമുകളിലേക്ക്വയ്ക്കാവു. അതുപോലെതന്നെ രണ്ട് കാലുകളുംഒരുകയ്യുംഉറപ്പിച്ച ശേഷമേമറ്റേകൈ മുൻപോട്ട് നീക്കാവു പരിശീലകൻ നിർദ്ദേശംതരിക മാത്രമല്ലസ്ഥിരതയുള്ളവരായിവീഴാതെകയറുവാനും നമ്മെ സഹായിക്കുന്നു സമ്മുടെ ആത്മീക ഭൗതികജീവിതത്തെ ഉയർച്ചയിലെത്തിക്കുവാനും ഈ മൂന്ന് നിലപാടുകൾ നാം സ്വായത്തമാക്കണം. ദൈവീകകൃപ, കരുണ, കരുതൽ ഇവയാണ് ആ മൂന്ന് നിലപാടുകൾ.

യേശുക്രിസ്തുമൂലംലഭ്യമാക്കുന്ന ജയത്തിന് അവകാശികൾആകേണ്ടവർഅറിഞ്ഞിരിക്കേണ്ട മൂന്ന് നിലപാടുകളെപ്പറ്റി പൗലോസപ്പോസ്തോലൻ കോരിന്ത്യ നിവാസികളെഉത്ബോധിപ്പിക്കുന്നതായി (1കൊരി:15:58)ൽ കാണുന്നു.

(1) ഉറപ്പുള്ളവരാകുക (Standfirm)

(2). കുലുങ്ങരുത് (Unmovable)

(3) കർത്താവിന്റെ വേലയിൽ വർദ്ധിക്കുക(Thrive in the work of the Lord)

ഉറപ്പുള്ളവരുംകുലുങ്ങാത്തവരുമായിവഴികാട്ടിയോടൊപ്പംചേർന്ന് നടക്കുന്നവർക്ക്മാത്രമേ ക്രിസ്തുവിനു വേണ്ടി പ്രവർത്തിപ്പാൻ കഴിയുകയുള്ളു. പതിനാറുമാസത്തെ കഠിനതടവിനു ശേഷം പുറത്തുവന്ന ബഞ്ചമിൻ ദുരിതപൂർണ്ണമായതന്റെജയിൽജീവിതത്തെക്കുറിച്ച്മറ്റുള്ളവരോട് പറഞ്ഞത് ഇപ്രകാരമായിരുന്നു എനിക്കുലഭിച്ച അനുഗ്രഹങ്ങൾക്കായിഎണ്ണിഎണ്ണിസ്തോത്രം പറഞ്ഞ് ഞാൻ കഴിഞ്ഞു. എന്തെല്ലാമായിരുന്നു അനുഗ്രഹങ്ങൾ എന്ന ചോദ്യത്തിന് അദ്ദേഹം പറഞ്ഞത് വല്ലപ്പോഴുംകുളിക്കുവാൻ ലഭിച്ച വെള്ളം, ചിലദിവസങ്ങളിൽ മാത്രംലഭിച്ച പച്ചക്കറികൾ മുതലായവആയിരുന്നു ആ അനുഗ്രഹങ്ങൾ.

ഫിലിപ്പ്യയിലെകാരാഗൃഹത്തിൽകഴിഞ്ഞ പൗലോസുംശീലാസുംചെയ്തതുംഇതുതന്നെ ആയിരുന്നു. ആമത്തിൽകിടന്ന്ശരീരത്തിലെഅടിയേറ്റമുറുവുകളിൽകൂടിരക്തം വാർന്നൊഴു കുമ്പോഴും കഠിനയാതനകൾ മറന്ന്അവർസ്തുതിച്ചു. ഈ വേദനകൾക്കൊന്നും അവ രുടെഉറച്ചവിശ്വാസത്തെതകർക്കുവാൻ അഥവാ ഉലയ്ക്കുവാൻ കഴിഞ്ഞില്ലയേശുവിന്റെകഷ്ട ത്തിൽ പങ്കാളികളാകുവാൻ കഴിഞ്ഞതായിരുന്നു അവരുടെസന്തോഷത്തിന്റെകാരണംഅതു മൂലം അർദ്ധരാത്രിയിൽ ആ ജയിൽമുറിയിൽകണ്ണുനീരിന്റെഉപ്പുരസമുള്ളസന്തോഷഗാനം ഉയർന്നു. ഭൂമിപോലും ആപാട്ടുമൂലംചലിച്ചു (അപ്പോ:16:26) നിരാശമാറിവിശ്വാസത്തിലുറ യ്ക്കുമ്പോൾ ദൈവീകാനുഗ്രഹത്തിന്റെ വലിപ്പത്തെ നമുക്ക് കാണുവാൻ കഴിയുന്നു.

F.B Mayor എന്ന സുവിശേഷകന്റെഅഭിപ്രായത്തിൽഒരേ ഇരുമ്പുകഷണം ചുട്ടുപഴുപ്പിച്ച്ലാടമാക്കിഅടിച്ചെടുക്കുന്നതിനേക്കാൾവിലകിട്ടുംഅതിനെ മറ്റൊരു പ്രക്രീയ യിൽകൂടി ആണികളാക്കുമ്പോൾ എന്നാൽവാച്ചിനുള്ളിലെചെറിയSpringആക്കിമാറ്റി യാൽഅതേ ഇരുമ്പുകഷണം അതിലുംവിലയുള്ളതും മാന്യവുമാകുന്നു ക്രിസ്തുവിനു വേണ്ടികഷ്ടംസഹിക്കുമ്പോൾ കുലുങ്ങാതെഉറച്ചുനിന്നാൽ നമ്മുടെ മൂല്യവും വർദ്ധിക്കുന്നു ഇപ്രകാരംമൂല്യം വർദ്ധിക്കുന്നവർകർത്താവിന്റെ വേലയിലും വർദ്ധിക്കുന്നു, ദൃഢവിശ്വാസ ത്തോടെ വേല ചെയ്തആളാണ് പൗലോസ്. സുവിശേഷംവിളിച്ചു പറയുന്നവരുടെലാക്കും പ്രവർത്തിയും തമ്മിൽ അകലം പാടില്ല. ആർഭാടങ്ങളോടുള്ളആസക്തിഉള്ളിൽകയറിവിശ്വാസ ത്തിന് ഇളക്കം തട്ടുവാൻ ഇടവരരുത്. കാരണം ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെപ്പറ്റി യുള്ളവിശേഷമാണ്വിളിച്ചു പറയുന്നത് എന്ന് മറക്കരുത്സുവിശേഷംആത്മീയവളർച്ചയ്ക്കാ വശ്യമാണ് എന്ന ചിന്ത കേൾവിക്കാരിൽഉണ്ടാകത്തക്കവണ്ണംദൈവവചനം പറയുന്നവരാകു വാൻ ദൈവംകൃപചെയ്യട്ടെ. ആത്മാവ് നഷ്ടമാകരുതെന്ന ചിന്തയുള്ളവർക്കേ സുവി ശേഷംസുവാർത്തയാകുകയുള്ളു.പൗലോസപ്പോസ്തോലൻ പറഞ്ഞതുപോലെഉറപ്പുള്ളവ രായികുലുങ്ങാതെസുവിശേഷമെന്ന വിശേഷംആയുസ്സുള്ള നാളെല്ലാംഘോഷിക്കുംഎന്ന്തീരു മാനിപ്പാൻ കഴിയുമോ ?

കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## <u>പ്രാർത്ഥന.</u>

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ! അങ്ങ്ഞങ്ങളെകരുതുന്ന കൃപ യ്ക്കായിസ്തോത്രംസുവേശേഷത്തിന്റെ മർമ്മം പ്രഗത്ഭ്യത്തോടെ അറിയിപ്പാൻ ഉറപ്പുള്ളവ രായി മുൻപോട്ടു പോകുവാൻ ഞങ്ങളെസഹായിക്കേണമേ. നല്ല സുവിശേഷകന്റെദൗത്യം ഈ നശ്വരലോകത്തിൽ ചെയ്യുവാൻ ഞങ്ങൾക്ക്കൃപതരേണമേ

ആമേൻ.

**<u>Santhamma Varghese</u>**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind